62 (380) ശബരിമലയിലെ മരാമത്ത് പണികൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ തീർത്ഥാടന സീസണിൽ ശബരിമലയിലെ നടവരവ്, കാണിക്ക, സ്വർണ്ണം, വെള്ളി, ലേലം എന്നീയിനങ്ങളിലുള്ള വരുമാനം എത്ര വീതമായിരുന്നു;

(ബി) തീർത്ഥാടന സീസൺ ആരംഭിക്കുന്നതിനു മുമ്പ് 1999 വർഷത്തിൽ എത്ര രൂപയുടെ മരാമത്ത് പണികൾ ശബരിമലയിൽ നടത്തുകയുണ്ടായി; വിശദാംശം വെളിപ്പെടുത്തുമോ;

(സി) 1995-96 മുതൽ 2000 ജനുവരി 31 വരെ ഓരോ വർഷവും ശബരിമലയിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായിയെന്ന് പറയുമോ?

ഉത്തരം

(എ) കഴിഞ്ഞ തീർത്ഥാടന സീസണിൽ ശബരിമലയിൽ കാണിക്ക ഇനത്തിൽ 16,31,32,356.15 രൂപയും ലേലം ഇനത്തിൽ 7,68,61,436 രൂപയും മറ്റിനങ്ങളിൽ 23,92,85,415.45 രൂപയും ആയി ആകെ 47,92,79,207.60 രൂപ വരുമാനം ഉണ്ടായി. കൂടാതെ 6 കിലോ 559 ഗ്രാം സ്വർണ്ണവും 96 കിലോ 24 ഗ്രാം വെള്ളിയും ലഭിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) 4/98 മുതൽ 11/99 (തീർത്ഥാടനകാലം ആരംഭിക്കുന്ന മാസം) വരെ 389 ലക്ഷം രൂപയുടെ മരാമത്ത് പണികൾ ശബരിമലയിലും പമ്പയിലുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിയിട്ടുണ്ട്.

(സി) 1995-96-ൽ 549 ലക്ഷം രൂപയുടേയും, 1996-97-ൽ 447 ലക്ഷം രൂപയുടേയും, 1997-98-ൽ 741 ലക്ഷം രൂപയുടേയും, 1998-99 -ൽ 482 ലക്ഷം രൂപയുടേയും, 1999-2000 -ൽ 389 ലക്ഷം രൂപയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ശബരിമലയിൽ നടത്തിയിട്ടുണ്ട്.

63 (381) കായംകുളത്ത് നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് നിന്നും ഏതെല്ലാം അന്തർ സംസ്ഥാന സർവ്വീസുകളാണ് സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടത്;

(ബി) അതിൽ ഏതെല്ലാം അനുവദിച്ചു;

(സി) ഇനി ഏതെല്ലാമാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ ഗവണ്മെന്റിന്റെ കാലത്ത് കൂടുതൽ അന്തർ സംസ്ഥാന സർവ്വീസുകൾ കായംകുളത്തു നിന്നും അനുവദിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

1121/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കായംകുളത്ത് നിന്നും ബാംഗ്ലൂർ, പളനി, മധുര, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളാണ് സ്ഥലം എം.എൽ.എ. അവശ്യപ്പെട്ടത്.

(ബി) കായംകുളം-ബാംഗ്ളൂർ സർവ്വീസ് ആരംഭിച്ചു.

(സി) കേരള സർക്കാർ അയൽ സംസ്ഥാന സർക്കാരുകളുമായി ഏർപ്പെടുന്ന കരാറുകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നത്. കായംകുളത്തുനിന്നും അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നിലവിലുള്ള കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ തൽക്കാലം നിവൃത്തിയില്ല.

(ഡി) പുതിയ അന്തർ സംസ്ഥാന കരാർ ജില്ലയിൽ വരുമ്പോൾ മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

64 (382) കെ.എസ്.ആർ.ടി.സി. റൂട്ടുകളുടെ ദേശസാൽക്കരണം

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിനുവേണ്ടി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിവരുന്നതെന്നും പുതിയതായി എന്തൊക്കെ പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം റൂട്ടുകൾ ദേശസാൽക്കരിക്കുന്നതുമൂലം യാത്രാക്ലേശം രൂക്ഷമാകുകയും പൊതുജനങ്ങൾ ബുദ്ധിമുട്ടിലാകുകയും ചെയ്യാനിടയുണ്ട് എന്ന ആക്ഷേപം സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ദേശസാൽകൃത നിർദ്ദേശത്തെപ്പറ്റി പഠനം നടത്താൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ബസ്സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി തമ്പാനൂർ ബസ്സ്റ്റേഷനിൽ പൊതുജനങ്ങൾക്കായി ഒരു സെമി പെർമനന്റ് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു തുറന്നു കൊടുത്തിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനർ അംഗീകരിച്ചിട്ടുള്ള ലേ ഔട്ട് അനുസരിച്ച് വേ ഇൻ-വേ ഔട്ട് സംവിധാനം പരിഷ്ക്കരിക്കുകയും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണം നടന്നു വരികയുമാണ്. കണ്ണൂരിൽ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ് ഡിപ്പോയിൽ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണിയുന്നതിനുള്ള പ്രാഥമിക

LIBRARY ARCHIVES Kerala Legislative Assembly